# കേരളസർവകലാശാല

നം.പി.ആർ.56/2021

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2020
## കോളേജ് തല സ്പോട്ട് അഡ്മിഷൻ മാർച്ച് 10– ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കായംകുളം, എം.എസ്.എം. കോളേജിൽ പുതുതായി അനുവദിച്ച BA English and Communicative English കോഴ്സിലേക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾ/ കമ്മ്യൂണിറ്റി ക്വാട്ടകൾക്ക് മാർച്ച് 10–ാം തീയതി കോളേജ് തലത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

താൽപ്പര്യമുള്ള വിദ്യാർത്ഥികൾ ഇതേ കോളേജിൽ രാവിലെ 10 മണിക്ക് മുൻപായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി (ടി.സി ഉൾപ്പടെ) നേരിട്ട് ഹാജാരാകേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷനു പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/ കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല. നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്കും ഈ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്

അഡ്മിഷൻ ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്കു 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) കൈയിൽ കരുതേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർഥികൾ രജിസ്ട്രേഷൻ ഫീസ് 500 രൂപ കൂടി കൈയിൽ കരുതേണ്ടതാണ്. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

പ്രസ്തുത കോളേജിലെ ഓരോ വിഭാഗങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

# ടൈംടേബിൾ

കേരളസർവകലാശാല മാർച്ച് 16 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം., 17 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എൽ., 18 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം., രണ്ടാം സെമസ്റ്റർ എം.ബി.എൽ. പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തുന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.കോം. ത്രീ മെയിൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് മാർച്ച് 2021 സപ്ലിമെന്ററി പരീക്ഷകൾ മാർച്ച് 19 ന് ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാകേന്ദ്രങ്ങളിലുള്ള മാറ്റം പിന്നീട് അറിയിക്കുന്നതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഏപ്രിൽ 2020 (സപ്ലിമെന്ററി) പരീക്ഷയുടെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ ഇലക്ട്രോണിക് സർക്യൂട്ട്സ് ലാബ് എന്ന പ്രാക്ടിക്കൽ പരീക്ഷ മാർ ബസേലിയോസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നാലാഞ്ചിറ, തിരുവനന്തപുരത്ത് വച്ച് മാർച്ച് 10 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഡിഗ്രി പരീക്ഷ, ഒക്ടോബർ 2020 യുടെ ഐ.ടി. (ഇൻഫർമേഷൻ ടെക്നോളജി) ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 25, 26 തീയതികളിൽ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജിൽ വച്ചും, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 16, 17 തീയതികളിൽ ബാർട്ടൺഹിൽ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ വച്ചും, സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 16 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ ബി.ടെക്. (2008 ആന്റ് 2013 സ്കീം) ഡിഗ്രി പരീക്ഷ, ഒക്ടോബർ 2020 ന്റെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 22, 23, 24, 25 തീയതികളിൽ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്.സി. (2018 അഡ്മിഷൻ റെഗുലർ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) മാത്തമാറ്റിക്സ്, ബോട്ടണി എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം മാർച്ച് 15, 16 എന്നീ തീയതികൾ മുതലും ബി.കോം. ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 16 മുതലും അതതു കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ (ഒക്ടോബർ 2020) എം.എസ്.സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 15, 16 തീയതികളിൽ അതതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഹാൾടിക്കറ്റ് കൈപ്പറ്റാം

കേരളസർവകലാശാല മാർച്ച് 15, 16, 17 തീയതികളിൽ നടത്തുന്ന പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ (ഡിസംബർ 2020 സെഷൻ) ഹാൾടിക്കറ്റ് ലഭിക്കാത്തവർ സി.എസ്.എസ്. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
08.03.2021

E-mail:ku.release@gmail.com website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675